


# ജീസസ് യൂത്ത് വിചിന്തനം

ഫെബ്രുവരി 2024

കർത്താവേ, എനിക്കു വേണ്ടിയല്ലാതെ
എങ്ങനെ ജീവിക്കണമെന്ന് എനിക്കു അറിഞ്ഞുകൂടാ.
ഞാനെപ്പോഴും ചിന്തിക്കുന്നത്
എന്നെക്കുറിച്ചു തന്നെയാണെന്ന് തോന്നുന്നു.
കേൾക്കുന്നതെല്ലാം എന്റെ സ്വരമാണ്.
സംസാരിക്കുന്നതെല്ലാം എന്നോടു തന്നെയാണ്.
സ്വന്തം ആവശ്യങ്ങൾ തന്നെയാണ്
എന്റെ കാതുകളിൽ നിരന്തരം മുഴങ്ങുന്നത്.
പലപ്പോഴും പറഞ്ഞറിയിക്കാൻ
പ്രയാസമേറിയ വിധം ഇവയെല്ലാം
സൂക്ഷ്മങ്ങളാണെന്നു മാത്രം.
എങ്കിലും ഒന്നു സമ്മതിച്ചേ മതിയാകൂ,
ഞാൻ ചെയ്യുന്നതു കൂടുതലും എനിക്കു
വേണ്ടിത്തന്നെയാണ്.
ഞാൻ എന്റെ തന്നെ തടവുകാരനാണോ?

മറ്റുള്ളവരുടെ കഴിവുകളിൽ പോലും
ഞാൻ അന്വേഷിക്കുന്നത് എനിക്കു കിട്ടാവുന്ന മെച്ചമാണ്.
മറ്റുള്ളവരുമായുള്ള ബന്ധങ്ങളിൽ ഞാൻ
തന്ത്രപരമായി തേടുന്നത് എനിക്കുണ്ടാകാവുന്ന നേട്ടമാണ്.
അപരനെ സഹായിക്കുമ്പോഴാകട്ടെ
എനിക്കു ശ്രദ്ധ ലഭിക്കാൻ ഞാൻ കൊതിക്കുന്നു.
അങ്ങനെയല്ലാതെ വരുമ്പോൾ ഞാൻ നിരാശയിലാകുന്നു.

മറ്റുള്ളവരാൽ സാധൂകരിക്കപ്പെടാൻ
ഞാൻ കൊതിയോടെ കാത്തുനിൽക്കുന്നു.
എന്റെ കഴിവുകളും സിദ്ധികളും
ഞാനൊരു പ്രതിഭയാണെന്ന് പ്രദർശിപ്പിക്കാൻ
ഉപയോഗിക്കുന്നു.
ഉള്ളിൽ അസൂയ നിറഞ്ഞ, ചിന്തകളാൽ കലുഷിതമായ
താരതമ്യങ്ങളുടെ ലോകത്താണ് ഞാൻ കൂടുതലും
രമിക്കുന്നത്.
എന്നെ ഉൾച്ചേർക്കുകയോ എന്നെ വിശ്വസിച്ചു
വിവരങ്ങൾ പങ്കുവയ്ക്കുകയോ,
എന്റെ ആലോചന സ്വീകരിക്കപെടുകയോ
ചെയ്തില്ലെങ്കിൽ
വളരെ മോശമായി എനിക്കനുഭവപ്പെടുന്നു.
ഞാൻ എന്റെ തന്നെ തടവുകാരനാണോ?

മോഹങ്ങളും അഭിനിവേശങ്ങളും നിറഞ്ഞ
എന്റെ ശരീരത്തെപ്പറ്റി മാത്രം ഞാൻ ചിന്തിക്കുന്നു.
ഇതു മുഴുവൻ എന്റെ സുഖേച്ഛകൾക്കു വേണ്ടിയെന്ന്
ഞാൻ കരുതുന്നു.
കാണുന്നതും കേൾക്കുന്നതും രുചിക്കുന്നതുമൊന്നും
ഒരിക്കലും എന്നെ തൃപ്തിപെടുത്തുന്നില്ല.
ഇനിയും കൂടുതൽ, കുറേക്കൂടി അധികം,
എന്നൊക്കെ ഞാൻ ആശിക്കുന്നു.
ഏറ്റവും പുതിയ ഉപകരണങ്ങൾക്കു വേണ്ടി
ഞാൻ നിരന്തരം കാത്തിരിക്കുന്നു.
പഴയതെല്ലാം എന്നിൽ വേഗത്തിൽ വിരസതയും മടുപ്പുമു
ളവാക്കുന്നു.
ശുദ്ധതയിൽ മുന്നേറണമെന്ന് എനിക്കറിയാം;
പക്ഷേ, ഇന്നല്ല നാളെയാവട്ടെയെന്നു ഞാൻ കരുതുന്നു.
ഞാൻ എന്റെ തന്നെ തടവുകാരനാണോ?

എന്റെ സമയം അങ്ങേയ്ക്കു നൽകുന്നതായി ഞാൻ
പറയുന്നു.
എന്നാൽ, ഞാൻ നിർത്താതെ ഓടുന്നത്
എന്നെത്തന്നെയോ
മറ്റുള്ളവരെയോ പ്രീതിപ്പെടുത്താനല്ലേ?
ഞാൻ പറയുന്നു, ചെയ്തുകൊണ്ടിരിക്കുന്നതെല്ലാം
അങ്ങേയ്ക്കു വേണ്ടിയാണെന്ന്.
എന്നാൽ, സത്യത്തിൽ ഞാൻ
അന്വേഷിച്ചു കൊണ്ടിരിക്കുന്നത്
എന്റെതന്നെ കാര്യങ്ങളല്ലേ?
എന്റേതായ രീതിയിലല്ലേ എല്ലാം ചെയ്യുന്നത്?

സുഖപ്രദവും സുരക്ഷിതവുമായ മേഖലയിൽ
തന്നെ തുടരാനാണ് എനിക്കേറെ ഇഷ്ടം.
ഏറ്റവും മെച്ചപ്പെട്ടത് എനിക്കു വേണ്ടി മാത്രം
സൂക്ഷിക്കുമ്പോൾ,
ആബേൽ എനിക്ക് അന്യനാകുന്നു.
യഥാർത്ഥത്തിൽ ഒരേയൊരാളെ മാത്രമേ ഞാൻ
സ്നേഹിക്കുന്നുള്ളൂ;
അത് എന്നെത്തന്നെയാണ്.
ഈ സ്നേഹം പോലും അപ്രതീക്ഷിതമായ നേരത്ത്
ആഴമേറിയ വെറുപ്പായി
വഴിമാറുന്നത് ഞാൻ തിരിച്ചറിയുന്നു.
ഞാൻ എന്റെ തന്നെ തടവുകാരനാണോ?

അങ്ങ് യഥാർത്ഥത്തിൽ മരിച്ചത് അഹത്തിൽ നിന്നും
എന്നെ രക്ഷിക്കുവാനല്ലേ?
വിശുദ്ധ കുർബാനയുടെയും ദൈവവചനത്തിന്റെയും
പ്രേരകശക്തിയാൽ ചിലപ്പോഴൊക്കെ
ഞാൻ രക്ഷപ്പെടുവാൻ ശ്രമിക്കുന്നു.
എന്നാൽ അഹത്തിന്റെ നീരാളിക്കൈകളാൽ
പ്രലോഭിതമായി ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ
ഞാൻ തിരിച്ച് എന്റെ തടവറയിൽ എത്തുന്നു.
ഞാൻ എന്നെങ്കിലും സ്വതന്ത്രനാവുമോ?

എന്നിരുന്നാലും, കർത്താവേ ഞാൻ അങ്ങയെ
സ്നേഹിക്കുന്നുവെന്ന് അങ്ങറിയുന്നു.
എന്റെ തടവറയിൽ നിന്നും എന്നെ മോചിപ്പിക്കാൻ
അങ്ങേയ്ക്കു കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു.
എന്റെ തകർന്ന ഹൃദയത്തോട് അവിടുന്ന്
സംസാരിക്കണമേ.
കരങ്ങൾ നീട്ടി സഹായം സ്വീകരിക്കാൻ ഞാൻ
ആഗ്രഹിക്കുന്നു,
ഉത്സാഹത്തോടെ മറ്റുള്ളവരോടൊപ്പം ആനന്ദത്താൽ
നിറയാനും.
എന്നാൽ, അവർ എന്റെ ആന്തരികനഗ്നത
കാണുമോയെന്ന് ഞാൻ ഭയക്കുന്നു.
കർത്താവേ, എന്നോടു സംസാരിക്കണമേ.
എന്റെ നുറുങ്ങുന്ന ഹൃദയത്തെ ആശ്വസിപ്പിക്കാൻ
അങ്ങേയ്ക്ക് മാത്രമേ സാധിക്കൂ.
എന്റെ അഹത്തിൽ നിന്നും എന്നെ വിടുവിക്കണമേ.

*കുഞ്ഞേ, പരിധികളില്ലാത്തതാണ് നിന്നോടുള്ളയെൻ
സ്നേഹം
നിൻ നികൃഷ്ടതയെ എൻ കുരിശിൽ ഞാൻ വഹിച്ചതല്ലേ.?
തടവറയിൽ നീ മരിക്കാതിരിക്കാനല്ലേ ഞാൻ
തടവുകാരനായി മരിച്ചത്.?
ജ്ഞാനസ്നാനത്താൽ നിന്നിലെ പഴയ മനുഷ്യൻ
കുഴിച്ചുമൂടപ്പെട്ടിരിക്കുന്നു.
കണ്ണുതുറന്നു കണ്ടാലും, ഞാൻ സർവവും
നവീകരിക്കുന്നു.
ഞാൻ മരിച്ചുയിർത്ത കർത്താവാണ്.
നീയും എന്നോടൊപ്പമുയിർക്കും, നിശ്ചയം.
എന്നെ വിശ്വസിക്കൂ, അനുസരിക്കൂ.*

*പുതുസൃഷ്ടിയായുയിർത്ത നീ വിസ്മയാവഹമായ
സൗന്ദര്യത്തിനുടമയല്ലോ.
എന്നുയിർപ്പിൻ ശോഭയിൽ പൊതിഞ്ഞു,
നീയെൻ ഛായയിലും സാദൃശ്യത്തിലും തികഞ്ഞു!
ജഡത്തിന്റെ ചായ്‌വിലേക്കല്ലല്ലോ
നിൻ പുതുപ്രകൃതം എന്നിലേക്കല്ലയോ.
ഞാൻ മരിച്ചതും നിനക്കായുയിർത്തതും
നീ എനിക്കായി ജീവിക്കേണ്ടതിനല്ലോ.
നിന്നിലെ എൻ ഭാവത്തെ പണിയുന്നൂ ഞാൻ
എന്നിൽ നീ ആനന്ദം കണ്ടെത്തുന്നു,
എൻ ഹൃത്തിൽ നിൻ സത്തയെയും.*

'ജീവിക്കുന്നവർ ഇനിയും തങ്ങൾക്കുവേണ്ടി ജീവിക്കാതെ,
തങ്ങളെപ്രതി മരിക്കുകയും ഉയിർക്കുകയും
ചെയ്തവനുവേണ്ടി ജീവിക്കേണ്ടതിനാണ് അവിടുന്ന്
എല്ലാവർക്കുംവേണ്ടി മരിച്ചത്.'

2 കോറിന്തോസ് 5, 15

*(ഈ വിചിന്തനത്തിന് ഫാ. മിഷേൽ ക്വാസ്തിന്റെ
എഴുത്തുകൾ പ്രചോദനമായിട്ടുണ്ട്)*

*Prepared by Jesus Youth International Formation Team.
Email: formation@jesusyouth.org*